6319/2012

A5

RECEIVED ON 21 MAR 2012

TC | Addl TC | Secy STA | DTC (T) | LO

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

**നമ്പർ 8130/ഉ.പ.സി. 3/2010/ഉ.ഭ.പ.വ.** *തീയതി, തിരുവനന്തപുരം, 2012 ഫെബ്രുവരി 24.*

## സർക്കുലർ

*വിഷയം:*—പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകുന്നതിൽ ഇളവ്—സ്പഷ്ടീകരണം—സംബന്ധിച്ച്.

*സൂചന:*—(1) 13-1-1972-ലെ സ.ഉ.(കൈ)22/72/പി.ഡി. നമ്പർ സർക്കാർ ഉത്തരവ്.

(2) 30-4-1986-ലെ സ.ഉ.(അ)141/86/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ്.

(3) 28-11-1997-ലെ സ.ഉ.(അ)25/97/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

(4) 17-2-2011-ലെ സ.ഉ.(അ)7/2011/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം (KS&SSR ഭാഗം II-ലെ ചട്ടം 13AA-ൽ വിഭാവനം ചെയ്തിട്ടുള്ള) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് സ്പെഷ്യൽ അല്ലെങ്കിൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും രണ്ടു വർഷത്തേക്ക് താൽക്കാലിക ഇളവ് നൽകിയിരുന്നു. സൂചന (2)-ലെ ഉത്തരവ് പ്രകാരം ഈ ആനുകൂല്യം 31-12-1985-നോ അതിനു മുൻപോ സർവ്വീസിൽ പ്രവേശിച്ച എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ബാധകമാക്കിയിരുന്നു. സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ ആനുകൂല്യം 31-12-2011 വരെ നീട്ടി നൽകിയിട്ടുണ്ട്.

(2) സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ ടെസ്റ്റ് ഇളവ് 13-1-1972 മുതൽ പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക്, പ്രൊമോഷൻ കൂടാതെ പ്രൊബേഷൻ ടെസ്റ്റുകൾക്കും ബാധകമാണ് എന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) എന്നാൽ 1-1-1986-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് യാതൊരുവിധ ടെസ്റ്റ് ഇളവും നൽകുന്നതല്ല എന്ന ഈ ഉത്തരവുകളിലെ പരാമർശം കാരണം പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷനുകൾ നൽകുന്ന കാര്യത്തിൽ പല വകുപ്പുകളിലും അവ്യക്തത നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ പരാമർശം 1-1-1986-നു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് KS&SSR-ലെ ഭാഗം II-ലെ 13AA പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകില്ല എന്ന അർത്ഥത്തിൽ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണെന്ന കാര്യം സ്പഷ്ടമാക്കുന്നു. ചട്ടം 13AB പ്രകാരം 13-1-1972-ന് സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ചട്ടം 13AA പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ അനുസരിച്ച് 13-1-1972-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്കും ബാധകമാണെന്ന് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട 1-1-1986-നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ച പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയ എന്നാൽ പ്രൊമോഷൻ ടെസ്റ്റ് യോഗ്യത നേടാത്ത സർക്കാർ ജീവനക്കാർക്ക് KS&SSR-ലെ ഭാഗം II-ലെ ചട്ടം 13A (1) (a) പ്രകാരവും, 13A (2) എന്ന ചട്ടത്തിലെ നിബന്ധനകൾക്ക് വിധേയമായും പ്രൊമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നെങ്കിൽ പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്നു വർഷത്തേക്ക്, താൽക്കാലിക ഇളവിനർഹതയുണ്ടെന്ന കാര്യവും സ്പഷ്ടമാക്കുന്നു. ഈ ആനുകൂല്യം നൽകാതിരുന്നിട്ടുള്ള കേസുകളിൽ, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുനഃപരിശോധിക്കണമെന്നും, വകുപ്പുതലത്തിലുണ്ടായ വീഴ്ച ആണെങ്കിൽ ആയത് പരിശോധിച്ച് ഇളവിനർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സീനിയോറിറ്റിയും ഉദ്യോഗകയറ്റവും ഉറപ്പു വരുത്തേണ്ടതാണെന്നും നിയമനാധികാരികൾക്ക് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

ടി. ജെ. മാത്യു,
സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള, കൊച്ചി, കാലിക്കറ്റ് യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്കു ഫയൽ/ഓഫീസ് കോപ്പി.

Endt No: A5/6319/TC/12 dt. 13/4/12
Copy forwarded to all DTCs, RTOs & Jt RTOs for n/a
Sr. AO 13/4/12